**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71** **09-10-2024 - ൽ മറുപടിയ്ക്ക്**

**പ്രളയം നിയന്ത്രിക്കാൻ സംഭരണശേഷി കൂടിയ ഡാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2018-ലെ പ്രളയത്തിന്റെയും അതിനുശേഷം നിരന്തരമായി ഉണ്ടാകുന്ന മഴയുടെയും അടിസ്ഥാനത്തിൽ കേന്ദ്ര ജല കമ്മീഷൻ നടത്തിയ പഠനത്തിൽ പ്രളയം നിയന്ത്രിക്കുന്നതിനായി സംഭരണശേഷി കൂടിയ ഡാമുകളുടെ ആവശ്യകത കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേന്ദ്ര ജലകമ്മീഷന്റെ 2018- ലെ കേരളത്തിലെ പ്രളയത്തെ സംബന്ധിച്ച പഠന റിപ്പോർട്ടിലെ ശുപാർശയിൽ പ്രളയ പ്രതിരോധ ഡാമുകളുടെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൂടുതൽ അണക്കെട്ടുകൾ നിർമ്മിക്കാനുള്ള സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഏജൻസികളെയാണ് സാധ്യതാപഠനത്തിനായി നിയോഗിച്ചതെന്നും പ്രസ്തുത ഏജൻസികൾ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോയെന്നും അറിയിക്കുമോ; | (ബി) | കേന്ദ്ര ജലകമ്മീഷന്റെ 2018 ലെ കേരളത്തിലെ പ്രളയത്തെ സംബന്ധിച്ച് പഠന റിപ്പോർട്ടിലെ ശുപാർശ പ്രകാരം IDRB യുടെ കീഴിൽ വരുന്ന ഹൈഡ്രോളജി ഫീൽഡ് സ്റ്റഡി സർക്കിൾ ഹൈഡ്രോളജിക്കൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പുതിയ ഡാമുകൾ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | പെരിയാർ, ചാലക്കുടി, ചാലിയാർ, പമ്പ, അച്ചൻകോവിൽ, മീനച്ചിൽ എന്നീ നദീതടങ്ങളിൽ പുതിയ ഡാമുകൾ നിർമ്മിക്കുന്നതിനായി ഹൈഡ്രോളജിക്കൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ